ശ്രീ. പ്രാക്കുളം ഭാസി : അതു നാഗപ്പൂർ പദ്ധതിയനുസരിച്ചുണ്ടാക്കിയ ഒരു പദ്ധതിയല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : അതെ.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെ വി. ആർ. ഡി. സ്കീം അനുസരിച്ചു റോഡുകൾ ഗവണ്മെന്റ് ഏറ്റെടുക്കുമ്പോൾ ഒരു മൈലിനു 300 രൂപ വച്ചുള്ള മെയിന്റനൻസ് ഗ്രാന്റ് മതിയാകുമോ എന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ തുക പോരായെന്നറിയാം. പക്ഷേ, ഇവ വില്ലേജ് റോഡുകളാണ്. ഇതുകൂടാതെ, ഡിസ്ട്രിക്റ്റ് റോഡുകളും മറ്റു മെയിൻ റോഡുകളും ഉണ്ട്. എല്ലാത്തിനും കൂടി പണം മതിയാകുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : നാഗപ്പൂർ പദ്ധതിയനുസരിച്ചുണ്ടാക്കിയിട്ടുള്ള വി. ആർ. ഡി. റോഡുകൾക്ക് കേന്ദ്ര ഗവണ്മെന്റിൽ നിന്നും ഗ്രാന്റ് കിട്ടുന്നില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള : പലയിടങ്ങളിലും അനുവദിച്ചിട്ടുള്ള ഈ 300 രൂപ കൂടി ഇത്തരം റോഡുകളുടെ മെയ്ന്റനൻസിനു വേണ്ടി ചെലവാക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ടെന്നാണു ഗവണ്മെന്റ് ധരിക്കുന്നതു്. അതേപ്പറ്റി അന്വേഷിക്കാം.

SHORT NOTICE QUESTION AND ANSWER

ബുൾഗാനിന്റെ സഞ്ചാരപരിപാടി.

7. [2] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിന്റെ സഞ്ചാരപരിപാടി ഈ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സംസ്ഥാനത്തു് ഏതെല്ലാം സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുന്നുണ്ടു്;

(സി) ഈ സംസ്ഥാനം സന്ദർശിക്കുന്നില്ലെങ്കിൽ അതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) മാർഷൽ ബുൾഗാനിൻ ഈ സംസ്ഥാനം സന്ദർശിക്കുന്നുണ്ടെന്നുള്ളതിനു് ഇതുവരെ യാതൊരു അറിവും ഗവണ്മെന്റിനു സിദ്ധിച്ചിട്ടില്ല.

(സി) അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മത്തായി : ബുൾഗാനിന്റെ സഞ്ചാരപരിപാടി നിർണ്ണയിക്കുന്ന കാര്യത്തിൽ സെൻട്രൽ ഗവണ്മെൻറ് ഈ ഗവണ്മെൻറുമായി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാധാരണയായി വിദേശ രാജ്യങ്ങളിൽനിന്നും പ്രശസ്തരായ അതിഥികൾ ഇൻഡ്യ സന്ദർശിക്കുമ്പോൾ അവരുടെ ടൂർ പ്രോഗ്രാം ഈ ഗവണ്മെൻറുമായി ആലോചിച്ചല്ല സെൻട്രൽഗവണ്മെൻറ് തയാറാക്കുന്നത്.

ശ്രീ. എം. എം. മത്തായി : മാർഷൽ ബുൾഗാനിൻ ഈ സംസ്ഥാനം കൂടി സന്ദർശിക്കണമെന്നു ണിച്ച് ഈ ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിലേയ്ക്കു നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നിവേദനം നടത്തുകപതിവില്ല. പ്രശസ്തരതിഥികൾ ഇൻഡ്യയിൽ വരുമ്പോൾ അവരുടെ പ്രോഗ്രാം ഏതുവിധത്തിലാണ വേണ്ടതെന്നുള്ളതിനെപ്പറ്റി ഈ ഗവണ്മെൻറ് ഇതുവരെ നിവേദനം അയച്ചതായി അറിവില്ല.

ശ്രീ. എം. എം. മത്തായി : മാർഷൽ ബുൾഗാനിൻ ഇൻഡ്യ സന്ദർശിക്കുമ്പോൾ ത്രിവർണ്ണപതാകയ്ക്കു പകരം ചെങ്കൊടി പറക്കുമെന്നു ശ്രീ. ശ്രീകണ്ഠൻനായർ പാർലമെൻറിൽവച്ചു പ്രസ്താവിച്ചതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ പ്രസ്താവന എന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ, ഏതെങ്കിലും ഒരു വിദേശരാഷ്ട്രമേധാവി മറേതെങ്കിലും ഒരു രാഷ്ട്രം സന്ദർശിക്കുമ്പോൾ ഇരുരാഷ്ട്രങ്ങളിലേയും കൊടികൾ ഒന്നിച്ചു പ്രദർശിപ്പിക്കുകയാണ് ലോകരാഷ്ട്രങ്ങളിൽ സ്വീകരിച്ചിട്ടുള്ള മര്യാദ.

ശ്രീ. എം. എം. മത്തായി : ഈ വരവിനെപ്പറ്റി നമ്മുടെ പ്രതിപക്ഷകക്ഷി നേതാവായ ശ്രീ. ടി. വി. തോമസ്സിനു ഏതെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോയെന്നന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബർ അതാകാവുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : മുഖ്യമന്ത്രിയും ആഭ്യന്തരകാര്യമന്ത്രിയും അടുത്ത ശനിയാഴ്ച ഡെൽഹിയിൽ ഉണ്ടായിരുന്നപ്പോൾ, ക്ഷണിക്കുകയുണ്ടായിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മാർഷൽ ബുൾഗാനിൻ ഡെൽഹിയിൽ വന്നപ്പോൾ മുഖ്യമന്ത്രിയും ആഭ്യന്തരകാര്യമന്ത്രിയും അവിടെ ഉണ്ടായിരുന്നു. അപ്പോൾ അവരെ കാണുകയുണ്ടായി. (ചിരി)

ശ്രീ. പ്രാക്കുളം ഭാസി : അതായിരുന്നില്ല ചോദ്യം. അവർക്ക് മാർഷൽ ബുൾഗാനിനെ ക്ഷണിക്കണമെന്നു തോന്നിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വഴിയിൽവച്ചു മറ്റും ചെയ്യേണ്ട കാര്യമാണോ ഇതു?

LIBRARY ARCHIVES Kerala Legislative Assembly